# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4624

25.06.2019-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളി സാമ്പത്തികാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി സാമ്പത്തികാശ്വാസ പദ്ധതിയിൽ മത്സ്യത്തൊഴിലാളിയുടെയും സർക്കാരിന്റെയും വിഹിതം യഥാക്രമം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളിൽ നിന്നും പരമാവധി 1500/- രൂപ (6 മാസങ്ങളിലായി 250/- രൂപ വീതം), സംസ്ഥാന സർക്കാർ വിഹിതം 1500/- രൂപ, കേന്ദ്ര സർക്കാർ വിഹിതം 1500/- രൂപയുമാണ്. 2014-15 മുതൽ കേന്ദ്രവിഹിതം അനുവദിക്കുന്നില്ല. ടി വിഹിതം കൂടി സംസ്ഥാന സർക്കാർ ആണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്നുള്ള ആശ്വാസമായി ഏപ്രിൽ, മെയ്, ജൂൺ (പഞ്ഞമാസങ്ങൾ) മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സാമ്പത്തികസഹായം എത്ര രൂപയാണ്; | (ബി) | 4500 രൂപ വീതം കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലായ് മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും 3 ഗഡുക്കളായി ധനസഹായം നൽകുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഈ വർഷം എത്ര മത്സ്യത്തൊഴിലാളികൾക്ക് ഈ സാമ്പത്തികസഹായം അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (സി) | അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇനി ഏതെല്ലാം ജില്ലകളിൽ എത്ര പേർക്ക് വീതം ഈ സഹായം നൽകാനുണ്ട്; അത് എന്നത്തേക്ക് നൽകും എന്ന് വ്യക്തമാക്കുമോ? | (ഡി) | 9 തീരദേശ ജില്ലകൾക്ക് ഒന്നാം ഗഡു (ഗുണഭോക്തൃ വിഹിതം) മെയ് മാസം വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഗഡു (സംസ്ഥാന സർക്കാർ വിഹിതം) കടലോര ജില്ലകൾക്ക് വിതരണത്തിനായി അനുവദിച്ച് നൽകിയിട്ടുണ്ട് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ വിതരണം പൂർത്തീകരണ ഘട്ടത്തിലാണ്. കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ ജൂൺ 30 നകം വിതരണം പൂർത്തിയാകുന്നതാണ്. ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴി |

| | | | |
|---|---|---|---|
| | | | ലാളികൾക്ക് ജൂലൈ, ആഗസ്റ്റ് സെപ്തംബർ മാസങ്ങളിലാണ് ആനുകൂല്യം അനുവദിക്കുന്നത്. ജൂലൈ മാസത്തിൽ ഒന്നാം ഗഡു (ഗുണഭോക്തൃ വിഹിതം) വിതരണം ചെയ്യുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതം ഇതുവരെയും ലഭ്യമായിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കേന്ദ്ര വിഹിതമായി ടി പദ്ധതിയ്ക്ക് 93 കോടി രൂപ ലഭിക്കാനുണ്ട്. കേന്ദ്ര വിഹിതമുൾപ്പെടെ സംസ്ഥാന സർക്കാർ നൽകേണ്ട സ്ഥിതി യാണുള്ളത്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## കടലോരം

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കളിൽ നിന്നു ശേഖരിച്ച വിഹിതം (രൂപയിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 35373 | 50325500 |
| 2 | കൊല്ലം | 28267 | 40634000 |
| 3 | ആലപ്പുഴ | 35819 | 51901500 |
| 4 | എറണാകുളം | 15896 | 23089000 |
| 5 | തൃശ്ശൂർ | 4998 | 7210500 |
| 6 | മലപ്പുറം | 19037 | 27034750 |
| 7 | കോഴിക്കോട് | 20130 | 28969250 |
| 8 | കണ്ണൂർ | 3805 | 5439000 |
| 9 | കാസർഗോഡ് | 8324 | 11840250 |
| | **ആകെ** | **171649** | **246443750** |

9 കടലോര ജില്ലകളിലെ 1,71,649 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു (ഗുണഭോക്തൃ വിഹിതം) ഗുണഭോക്താക്കളിൽ നിന്നും സ്വീകരിച്ച അനുപാതത്തിൽ മെയ് മാസം വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഗഡു (സംസ്ഥാന സർക്കാർ വിഹിതം) 9 ജില്ലകൾക്കും വിതരണം ചെയ്യുന്നതിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. ജൂൺ 30 നകം വിതരണം പൂർത്തിയാക്കുന്നതാണ്.

## ഉൾനാടൻ

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കളിൽ നിന്നു ശേഖരിച്ച വിഹിതം (രൂപയിൽ) |
|---|---|---|---|
| 1 | കൊല്ലം | 2950 | 4123000 |
| 2 | ആലപ്പുഴ | 7848 | 11173000 |
| 3 | പത്തനംതിട്ട | 125 | 183250 |
| 4 | ഇടുക്കി | 141 | 205250 |
| 5 | കോട്ടയം | 3316 | 4912000 |
| 6 | എറണാകുളം | 6424 | 9069000 |
| 7 | തൃശ്ശൂർ | 647 | 959750 |
| 8 | മലപ്പുറം | 357 | 500250 |
| 9 | പാലക്കാട് | 275 | 401000 |
| 10 | കോഴിക്കോട് | 709 | 1016000 |
| 11 | കണ്ണൂർ | 1040 | 1489250 |
| 12 | കാസർഗോഡ് | 336 | 461000 |
| | **ആകെ** | **24168** | **34492750** |

സമ്പാദ്യ സമാശ്വാസ പദ്ധതി (2018-19) ൽ ഉൾനാടൻ മേഖലയിൽ നിന്നുള്ള 24168 ഗുണഭോക്താക്കളിൽ നിന്നും 34492750/- രൂപ ഗുണഭോക്തൃ വിഹിതമായി സ്വീകരിച്ചിട്ടു ണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഒന്നാം ഗഡു ആനുകൂല്യം ജൂലൈ മാസത്തിലാണ് അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ